പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6795 — 13.07.2012-ൽ മറുപടിക്ക്

## പകർച്ചവ്യാധികൾക്കെതിരെ പ്രതിരോധ പ്രവർത്തനങ്ങളുടെ ഏകോപനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എസ്. ശർമ്മ<br>ശ്രീ. പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ. പി.റ്റി.എ.റഹീം<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ആരോഗ്യമേഖല പ്രതിസന്ധിയിലേക്ക് നീങ്ങുന്നതായുള്ള ജനങ്ങളുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) മുൻവർഷങ്ങളെ അപേക്ഷിച്ച് ജനങ്ങൾക്ക് ആശങ്കയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) ഈ പശ്ചാത്തലത്തിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ; | ബി) ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങൾ എല്ലാ മാസവും സംസ്ഥാന ജില്ല-ബ്ലോക്ക് തല അവലോകന യോഗങ്ങളിൽ വിലയിരുത്തുന്നുണ്ട്. പകർച്ചവ്യാധി രോഗങ്ങളെ സംബന്ധിക്കുന്ന രോഗനിരീക്ഷണ പ്രവർത്തനങ്ങൾ, കൊതുകുവളർച്ചയെ നിയന്ത്രിക്കുന്ന പ്രവർത്തനങ്ങൾ, പ്രതിരോധ പ്രവർത്തനങ്ങൾ, വിവിധ ഡിപ്പാർട്ട്മെന്റുകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനം, ഡോക്ടർമാരുടേയും വിവിധ വിഭാഗം ജീവനക്കാരുടേയും ഒഴിവുകൾ, ഈ ഒഴിവുകൾ നികത്താൻ എടുത്തിട്ടുള്ള നടപടികൾ, മരുന്നുകളുടേയും രോഗനിയന്ത്രണത്തിനാവശ്യമുള്ള മറ്റ് സാധന സാമഗ്രികളുടേയും ലഭ്യത തുടങ്ങിയ കാര്യങ്ങൾ ഈ മീറ്റിംഗുകളിൽ വിലയിരുത്തി വേണ്ട നടപടി സ്വീകരിക്കാറുണ്ട്. |
| സി) സംസ്ഥാനത്താകെ സങ്കീർണ്ണമായിരിക്കുന്ന മാലിന്യപ്രശ്നം പകർച്ചവ്യാധികൾക്ക് കാരണമായിരിക്കെ, പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഏകോപനമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) ചില ജില്ലകളിൽ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനത്തിൽ പ്രതിസന്ധി ഉണ്ടായ സാഹചര്യം കൂടി കണക്കിലെടുത്ത് ഈ വർഷം ജനുവരി മുതൽതന്നെ രോഗനിയന്ത്രണത്തിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിത പ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ്, ശുചിത്വമിഷൻ, ജലവിഭവ വകുപ്പ്, |

നഗരവികസനവകുപ്പ്, വിദ്യാഭ്യാസവകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചാണ് പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

ഡി) ഏകോപനരംഗത്ത് പ്രവർത്തിക്കേണ്ടുന്ന പ്രധാന തസ്തികകൾ എല്ലാം ഒഴിഞ്ഞുകിടക്കുകയാണെന്നറിയാമോ; എങ്കിൽ ആയത് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഡി) ആരോഗ്യവകുപ്പിന്റെ സംസ്ഥാന ജില്ലാ തലങ്ങളിലെ എല്ലാ സുപ്രധാന തസ്തികകളും ഒഴിഞ്ഞ് കിടക്കുന്നില്ല.

സെക്ഷൻ ഓഫീസർ